പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2303 — 13.02.2013 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. യിൽ പരസ്യ പ്രദർശനം വഴി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>" എ. റ്റി. ജോർജ്<br>" സണ്ണി ജോസഫ്<br>" ഐ. സി. ബാലകൃഷ്ണൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനം പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതു വഴി വർദ്ധിപ്പിക്കാനുള്ള സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉദ്ദേശിക്കുന്നുണ്ട്.<br>നിലവിൽ തന്നെ കെ.എസ്. ആർ.ടി.സി. ബസ്സുകളിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് കരാർ നൽകിയിട്ടുണ്ട്. 01.04.2011 മുതൽ 31.03.2013 വരെയാണ് കരാർ കാലാവധി. 01.04.2013 മുതൽ പുതിയ കരാർ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ബസ് സ്റ്റേഷനുകളിൽ 01.04.2013 മുതൽ പരസ്യ പ്രദർശനത്തിനുള്ള കരാർ നൽകുന്നതിനുള്ള നടപടികളും പൂർത്തിയായി വരുന്നു. കൂടുതൽ വരുമാനം ലക്ഷ്യമിട്ട് ബസ് സ്റ്റേഷനുകളിൽ ഇലക്ട്രോണിക് സംവി ധാനം ഉപയോഗിച്ചുള്ള പരസ്യങ്ങൾ കൂടി ടെണ്ടറിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) | പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കലാണ് പ്രധാന ഉദ്ദേശ്യം. ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്യുന്ന വ്യക്തിക്ക് പരസ്യ കരാർ നൽകുന്നു. കെ.എസ്.ആർ.ടി.സി. പരസ്യത്തിനായുള്ള സ്ഥലം മാത്രമാണ് അനുവദിക്കുന്നത്. പരസ്യം പിടിച്ചിട്ടുള്ള |

| | | | |
|---|---|---|---|
| | | | കരാറുകാരൻ പരസ്യ ദാതാക്കളിൽ നിന്നും ലഭിക്കുന്ന പരസ്യങ്ങൾ പ്രദർ ശിപ്പിക്കുന്നു. |
| (സി) | പ്രസ്തുത സംവിധാനം എവിടെ യൊക്കെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കു ന്നത്; വിശദമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി. യുടെ എല്ലാ ബസ് സ്റ്റേഷനുകളിലും (BOT ഒഴികെ) കെ.എസ്.ആർ. ടി.സി. യുടെ അധീനതയിലുള്ള എല്ലാ സ്ഥല ങ്ങളിലും, ബസ് ഷെൽട്ടറുകളിലും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | പ്രസ്തുത സംവിധാനം വഴി എന്ത് തുക സമാഹരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ലേലം/ടെണ്ടർ നടപടിയിലൂടെ കരാറു കാരനെ കണ്ടെത്തുമെന്നതിനാൽ എത്ര തുക ലഭിക്കുമെന്ന പറയുവാൻ കഴിയുകയില്ല. എന്നാൽ കഴിഞ്ഞ കരാർ വർഷം (01.04.2011 മുതൽ 31.03.2013 വരെ) പരസ്യഇനത്തിൽ 3,03,03,000/- രൂപയാണ് ലൈസൻസ് ഫീയിനമായി ലഭിച്ചത്. വരുന്ന രണ്ടു വർഷ കാലാവധിയ്ക്കുള്ളിൽ ഈ ഇനത്തിൽ ഏഴു കോടി രൂപ സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ